എമ്മാവൂസ്
വചനദൂത്
Vol. IX Issue :1



# വിശുദ്ധ തോമസ് ധീരനായ അപ്പസ്തോലൻ

*യോഹ. 11:16/14:5/20:24*

റവ. ഫാ. ജോണി വെട്ടുകാട്ടിൽ

വി. യോഹന്നാന്റെ സുവിശേഷത്തിൽ തോമാശ്ലീഹായെ അവതരിപ്പിക്കുന്നത് തികച്ചും വ്യത്യസ്ഥനായൊരു ശിഷ്യനായിട്ടാണ്. വളരെ ശ്രദ്ധേയമാണ് 3 പരാമർശങ്ങൾ. യോഹ. 11–ാം അദ്ധ്യായത്തിൽ, ലാസറിന്റെ ഭവനത്തിലേയ്ക്ക് പോകാനൊരുങ്ങുന്ന യേശുവിനെ മറ്റു ശിഷ്യന്മാർ തടയുന്നു. കാരണം, ജറുസലേമിൽവച്ച് പ്രതിഷ്ഠയുടെ തിരുനാൾ ദിവസം, ഈശോ പിതാവുമായിട്ടുള്ള തന്റെ അഭേദ്യബന്ധത്തെക്കുറിച്ച് പറഞ്ഞതിന്റെ പേരിൽ അവനിൽ ദൈവദൂഷണകുറ്റം ആരോപിച്ച് അവനെ ബന്ധിക്കാനും കല്ലെറിയാനും യഹൂദർ ശ്രമിച്ചതാണ്. കഷ്ടിച്ച് അവരുടെ കൈകളിൽനിന്നും രക്ഷപെട്ട സംഭവം ശിഷ്യന്മാരുടെ ഓർമ്മയിലുണ്ട്. വീണ്ടും യൂദായായിലേയ്ക്ക് പോകാമെന്ന് ഈശോ പറഞ്ഞപ്പോൾ ജീവനിൽ കൊതിയുണ്ടായിരുന്ന ശിഷ്യന്മാർ തടസ്സവാദങ്ങളുമായി മുന്നോട്ട് വന്നു. പക്ഷേ, തന്റെ തീരുമാനത്തിൽനിന്നും ഈശോ പിന്മാറുന്നില്ല. ഇവിടെ തോമാശ്ലീഹാ ധീരതയോടെ തന്റെ നിലപാടറിയിക്കുന്നു. ഗുരു മരിക്കാനാണ് പോകുന്നതെങ്കിൽ "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം." (11:16).ഗുരുവിൽനിന്നും വേറിട്ടൊരു നിലനിൽപ് തനിക്കില്ലെന്നും കരുതുന്ന ഒരു യഥാർത്ഥ

ശിഷ്യൻ. യേശുവിനെ എത്രയധികമായി തോമാശ്ലീഹാ സ്നേഹിച്ചിരുന്നു! മരണം പോലും അവനോടുള്ള സ്നേഹത്തിൽനിന്നും തന്നെ അകറ്റാൻ പ്രാപ്തമല്ല എന്ന് തോമ്മാശ്ലീഹാ പ്രഖ്യാപിക്കുന്നു. എത്രയോ ധീരമാണ് തോമ്മാശ്ലീഹായുടെ വാക്കുകൾ.

യോഹ. 14-ാം അദ്ധ്യായത്തിൽ (V. 5) തോമ്മാശ്ലീഹായുടെ ഒരു ഇടപെടൽ വളരെ ശ്രദ്ധേയമാണ്. പിതാവിന്റെ ഭവനത്തിൽ വാസസ്ഥലമൊരുക്കാൻ താൻ പോകുന്നു എന്ന് ഈശോ പറഞ്ഞപ്പോൾ ശിഷ്യന്മാർക്ക് കാര്യമായിട്ടൊന്നും പിടികിട്ടിയില്ല. എന്നാൽ, തോമ്മാശ്ലീഹാ അവിടെയിടപെട്ട് ചോദിക്കുന്നു. "കർത്താവേ, നീ എവിടേയ്ക്ക് പോകുന്നുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും.''. മനുഷ്യരക്ഷയുടെ കേന്ദ്രം താനാണെന്ന്, തന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേയ്ക്ക് വരുന്നില്ല എന്ന് ഈശോ പ്രസ്താവിക്കുന്നത് തോമ്മാശ്ലീഹായുടെ ചോദ്യത്തിനുത്തരമായിട്ടാണ്. തനിക്കു മനസ്സിലാവാത്ത കാര്യങ്ങൾ ഗുരുവിനോടു ചോദിക്കാനുള്ള ധൈര്യവും തുറവിയും തോമ്മാശ്ലീഹായ്ക്കുണ്ടായിരുന്നു. ഈയൊരു തുറവിയും ധൈര്യവുമാണ് മറ്റു ശിഷ്യന്മാരിൽനിന്നും തോമ്മാശ്ലീഹായെ വ്യത്യസ്ഥനാക്കുന്നത്.

യോഹ. 20:19 പറയുന്നു, ആഴ്ചയുടെ ആദ്യ ദിവസമായ അന്നു വൈകിട്ട് ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ, യേശു അവർക്കു പ്രത്യക്ഷനായി.വീണ്ടും 20:24 പറയുന്നു ''പന്ത്രണ്ടുപേരിലൊരുവനും ദിദിമോസ് എന്നു വിളിക്കപ്പെടുന്നവനുമായ തോമസ് യേശു വന്നപ്പോൾ അവരോടുകൂടെ ഉണ്ടായിരുന്നില്ല." യഹൂദരെ ഭയന്ന് കതകടച്ചിരുന്ന ശിഷ്യന്മാരുടെ കൂടെ തോമസ് ഇല്ലായിരുന്നു. എന്നുവച്ചാൽ, തോമ്മാശ്ലീഹാ ഭയരഹിതനായി വെളിയിൽ ജീവിക്കുകയായിരുന്നു. തോമാശ്ലീഹാ ധീരനായിരുന്നുവെന്നതിന്റെ നേർസാക്ഷ്യമാണിത്. അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം എന്ന് പറഞ്ഞത് വെറും വീരവാദമായിരുന്നില്ല എന്ന് മനസ്സിലാക്കാം. ആത്മാർത്ഥമായ വാക്കുകളായിരുന്നു അത്.

കർത്താവിനെ കണ്ടാലേ താൻ വിശ്വസിക്കൂ എന്ന തോമ്മാശ്ലീഹായുടെ വാക്കുകൾ ഈയൊരു പശ്ചാത്തലത്തിലാണ് കാണേണ്ടത്. 'നീ എവിടേയ്ക്കാണ് പോകുന്നതെന്നറിയാതെ വഴി ഞങ്ങൾ എങ്ങനെ അറിയും' എന്ന തന്റെ ചോദ്യത്തിന് ഉത്തരം തന്നവൻ, പ്രത്യക്ഷീകരണത്തെക്കുറിച്ചുള്ള ചോദ്യത്തിനും ഉത്തരം നൽകുമെന്ന് തോമസ് വിശ്വസിച്ചിരുന്നു. തോമ്മാശ്ലീഹായുടെ വിശ്വാസം പോലെ തന്നെ സംഭവിക്കുകയും ചെയ്തു.

തോമ്മാശ്ലീഹാ ധീരനായ ഒരു ക്രിസ്തുശിഷ്യനായിരുന്നു. അതുകൊണ്ടാണ് ഭാരതമണ്ണിലേയ്ക്ക് കപ്പൽ കയറാൻ തോമ്മാശ്ലീഹാ ധൈര്യം കാണിച്ചത്. ഗുരുവിനോടൊത്തുള്ള മരണം ആഗ്രഹിച്ചവനെ പിന്തിരിപ്പിക്കാൻ ഒരു ശക്തിക്കും സാധിക്കില്ല. തോമ്മാശ്ലീഹായുടെ ഈ ധീരമായ വിശ്വാസം പൈതൃകമായി ലഭിച്ചതുകൊണ്ടാവാം ഭാരത നസ്രാണി സഭ ഇത്രയേറെ പ്രേഷിതരെ ഇന്നും ലോകത്തിനു പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നത്. ഭാരത സഭയിൽ ഇന്നും തോമ്മാശ്ലീഹായുടെ ധീരമായ വിശ്വാസ ചൈതന്യം നിലനിൽക്കുന്നു എന്നതിന്റെ തെളിവാണ് നമ്മുടെ പ്രേഷിതാഭിമുഖ്യം. ഈ പ്രേഷിതത്വം മറ്റൊന്നുമല്ല, ഗുരുവിനോടൊപ്പം മരിക്കാനുള്ള ആഗ്രഹമാണത്. അതുകൊണ്ട് തോമ്മാശ്ലീഹായോടൊപ്പം നമുക്കും പറയാം ''എന്റെ കർത്താവേ, എന്റെ ദൈവമേ".